بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ﴿۱﴾

# ജുമുഅഃ ഖുത്‌ബ സംഗ്രഹം 05.08.2022

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

## യു.കെ. ജൽസ - പ്രവർത്തകർക്കും പങ്കെടുക്കുന്നവർക്കുമുള്ള മാർഗനിർദേശങ്ങൾ

اَشۡهَدُ اَنۡ لَّااِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○ اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِکِ يَوۡمِ الدِّيۡنِ ○ اِيَّاکَ نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ജൽസ സാലാന ബ്രിട്ടൻ 2019 നു ശേഷം വിപുലമായ രീതിയിൽ ഈ വർഷം സംഘടിപ്പിപ്പിക്കപ്പെടുകയാണ്. കഴിഞ്ഞ വർഷവും ജൽസ സാലാന നടന്നിരുന്നുവെങ്കിലും കുറഞ്ഞ അംഗസംഖ്യയിൽ ആയിരുന്നു നടന്നത്. ഈ വർഷത്തെ ജൽസയും ബ്രിട്ടൻ ജമാഅത്തിന്റെത് മാത്രമാണെങ്കിലും വിദേശ രാജ്യങ്ങളിൽ നിന്നുള്ള വളരെ കുറച്ച് ആളുകൾ ഇതിൽ പങ്കെടുക്കുന്നുണ്ട്. ബ്രിട്ടനിലെ എല്ലാ ജമാഅത്തുകളിലെ അംഗങ്ങൾക്കും മൂന്ന് ദിവസവും പങ്കെടുക്കാനുള്ള അനുവാദം ഉണ്ടായിരിക്കുന്നതാണ്. ഇൻശാ അല്ലാഹ് നല്ല ഹാജർ ഉണ്ടായിരിക്കും എന്ന് പ്രതീക്ഷിക്കുന്നു. നമുക്കറിയാവുന്നതുപോലെ കോവിഡ് മഹാമാരി കാരണം ജൽസ സാലാന തുടർച്ചയായി നടത്തുന്നത് നമുക്ക് ഒഴിവാക്കേണ്ടി വന്നിരുന്നു. ജൽസയിൽനിന്ന് നമുക്ക് അനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ കഴിഞ്ഞില്ല. ഒരു വർഷം പൂർണമായും നമുക്കതിനു കഴിഞ്ഞിരുന്നില്ല.

എല്ലാ തരത്തിലുള്ള മുൻകരുതലുകളും ജൽസയിൽ പങ്കെടുക്കുന്നവർ കൈക്കൊള്ളേണ്ടതാണ്. മാസ്ക് ധരിക്കേണ്ടതാണ്. അതുപോലെ രോഗത്തിന് സംഘാടകർ ഈ വർഷം ഏർപ്പാടാക്കിയ ഫലപ്രദമായ ഹോമിയോപതി മരുന്ന് ഉപയോഗിക്കേണ്ടതാണ്. ജൽസ സംബന്ധമായി തങ്ങളുടെ സമയം ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്ക് വേണ്ടി ത്യാഗം ചെയ്യുന്ന വളണ്ടിയർമാർക്ക് ഞാൻ പൊതുവിൽ ജൽസയുടെ ഒരാഴ്ച മുമ്പുള്ള ഖുത്ബയിൽ ചില കാര്യങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കാറുണ്ട്. കഴിഞ്ഞ ഖുത്ബയിൽ ഞാൻ അങ്ങനെ ചെയ്തിരുന്നില്ല. അതുകൊണ്ട് അത് സംബന്ധിച്ച് ഞാൻ ഇന്ന് ചില കാര്യങ്ങൾ പറയുന്നതാണ്. നമ്മൾ ഈ കാര്യങ്ങൾ പരിഗണിക്കുകയാണെങ്കിൽ ജൽസയുടെ യഥാർത്ഥ ചുറ്റുപാടിൽ നിന്ന് ഇൻശാഅല്ലാഹ് നമ്മൾ പ്രയോജനമുൾക്കൊള്ളുന്നവരായി മാറുന്നതാണ്.

ഹദ്റത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ഈ ജൽസ ഒരു ഭൗതീക മേളയല്ല. മറിച്ച് അല്ലാഹുവിന്റേയും റസൂലിന്റേയും കാര്യങ്ങൾ കേൾക്കാനും അതനുസരിച്ച് തങ്ങളെ മാറ്റുന്നതിനും വേണ്ടിയാണ് നമ്മൾ ഇവിടെ ഒത്തുകൂടിയിട്ടുള്ളത്.

ജൽസയുടെ ജോലികൾ കേവലം ജൽസയുടെ ഈ മൂന്ന് ദിവസത്തിൽ മാത്രമല്ല ഉള്ളത്, മറിച്ച് ആഴ്ചകൾക്ക് മുന്നേ തുടങ്ങുന്നതാണ്. എം.ടി.എ. തങ്ങളുടെ വാർത്തകളിലും ചെറിയ ചെറിയ ക്ലിപ്സ് രൂപത്തിലും എങ്ങനെയാണ് ജോലികൾ നടക്കുന്നതെന്ന് കാണിച്ചുകൊണ്ടിരിക്കുന്നു. ചില ജോലികൾ തീർച്ചയായും പുറത്തുള്ള കമ്പനികളെകൊണ്ടും കരാറുകാരെകൊണ്ടും ചെയ്യിപ്പിക്കാറുണ്ട്. എന്നാൽ ഇത് കൂടാതെയും ഒരു പാട് ജോലികൾ ഉണ്ട്. അതിന് അനിവാര്യമായിട്ടുള്ള വ്യക്തികളുടെ പ്രയത്നങ്ങൾ വളണ്ടിയർമാരായിട്ടുള്ളവർ തങ്ങളുടെ സമയം ത്യാഗം ചെയ്തുകൊണ്ട് സേവനരൂപത്തിൽ ചെയ്യുന്നു. ഭൗതീകലോകം വളണ്ടിയറായി സേവനം ചെയ്യാൻ ആളുകളെ കിട്ടുന്നതിനായി പരിശ്രമിക്കുന്നു. എന്നാൽ അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രം ഇതിൽ നിന്നും തികച്ചും വ്യതിരിക്തമായ മാതൃകയാണ് സമർപ്പിക്കുന്നത്. ഇവിടെ വരുന്ന ആളുകളെ പരിരക്ഷിക്കാൻ സംഘാടകർക്ക് പ്രയാസം അനുഭവപ്പെടുന്നു.

അതിഥി സത്കാര വിഭാഗക്കാർ നോട്ട് ചെയ്യേണ്ട ഒരു കാര്യം, ജൽസക്ക് മുമ്പുള്ള അതല്ലെങ്കിൽ ശേഷമുള്ള വഖാറെ അമലിന് പലപ്പോഴും പ്രതീക്ഷിച്ചതിലും കൂടുതൽ ആളുകൾ വരുന്നു. ഈ കഴിഞ്ഞ ഞായറാഴ്ച തന്നെ ഹദീഖത്തുൽ മഹ്ദിയിൽ സംഘാടകർ പ്രതീക്ഷിച്ചതിനേക്കാൾ വളണ്ടിയർമാർ വന്നു. അതിനെകുറിച്ച് എനിക്കറിയാൻ കഴിഞ്ഞത് അവർക്കുള്ള ഭക്ഷണത്തിനു ശരിയായ സംവിധാനം ചെയ്യാൻ കഴിഞ്ഞില്ല എന്നാണ്. ഇത് അതിഥി സത്കാര വിഭാഗത്തിന്റെ ജോലിയാണ്. ഈ വളണ്ടിയർമാർ ഭക്ഷണ സമയത്തൊന്നും അല്ലല്ലോ ഒരുമിച്ച് കൂടിയത്. രാവിലെ മുതൽ ജോലി ചെയ്യുന്നവരാണ്. അല്ലെങ്കിൽ അവിടെ ഉണ്ടായിരുന്നവരാണ്. ഞാൻ മനസ്സിലാക്കുന്നത് കഴിഞ്ഞ ഖുത്ബയുടെ അവസാനത്തിൽ ഞാൻ ജൽസയെ സംബന്ധിച്ചും ജോലി ചെയ്യുന്നവർക്ക് വേണ്ടി യും ദുആ ചെയ്യുന്നതിന് പറഞ്ഞപ്പോൾ ഉടൻ തന്നെ ഒരാവേശത്തോട്കൂടി ആളുകൾ തങ്ങളുടെ സേവനം സമർപ്പിക്കുകയാണുണ്ടായത്. ഏതായാലും

സംഘാടകൾ പ്രത്യേകിച്ചും വാരാന്ത്യങ്ങളിൽ ഇക്കാര്യത്തിൽ പ്രത്യേക സംവിധാനം ചെയ്യേണ്ടതാണ്. കൂടാതെ അതിഥി സൽക്കാര വിഭാഗം ജൽസാ ദിനങ്ങളിൽ പൊതുവായി കൂടുതൽ അളവിൽ ഭക്ഷണം തയ്യാറാക്കണം. ആതിഥേയരുടെ ഉത്തരവാദിത്തം അതിഥികൾക്ക് നല്ല പോലെ ആതിഥേയത്വം നൽകുക എന്നാണ്.

വളണ്ടിയർമാരോടു ഞാൻ പറയാൻ ആഗ്രഹിക്കുന്നത്, ജൽസയുടെ ഈ മൂന്ന് ദിവസങ്ങളിലും ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സേവിക്കുമ്പോൾ, ഞങ്ങൾ ഓഫിസർമാരുടെയോ അതിഥികളുടെയോ എന്തെങ്കിലും പ്രോത്സാഹനം പ്രതീക്ഷിച്ചു കൊണ്ടല്ല ചെയ്യുന്നത് എന്ന വികാരം അവർക്കുള്ളിൽ ഉണ്ടാക്കിക്കൊണ്ട് സേവനം ചെയ്യുക. മറിച്ച് അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി മാത്രം സേവനം ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ, മക്കളെ പട്ടിണിയോടുകൂടി ഉറക്കുകയും സ്വയം പട്ടിണി കിടക്കുകയും ചെയ്തുകൊണ്ട് അതിഥിയെ സത്കാരത്തിന്റെ കടമ നിർവഹിച്ച സ്വഹാബിയുടെയും ഭാര്യയുടെയും മാതൃക അവലംബിക്കേണ്ടതാണ്. അതായത് അവർ വിളക്ക് കെടുത്തികൊണ്ട് അതിഥിക്ക് മുന്നിൽ ഭക്ഷണം കഴിക്കുന്നതുപോലെ പ്രകടിപ്പിക്കുയുണ്ടായി. പിന്നെ അല്ലാഹു അവരുടെ ഈ പ്രവർത്തിയെ എത്രമാത്രം ശ്ലാഘിച്ചുവെന്നാൽ തിരുനബി(സ)ന് അതെ കുറിച്ച് അറിയിപ്പ് കൊടുത്തു. അടുത്ത ദിവസം തിരുനബി(സ) ആ സ്വഹാബിയോട് പറഞ്ഞു: നീ രാത്രി അതിഥിയെ ഊട്ടുന്നതിന് നടപ്പാക്കിയ പദ്ധതിയിൽ അല്ലാഹുവും ചിരിക്കുകയുണ്ടായി. അല്ലാഹു അതിൽ ഒരുപാട് സന്തോഷിക്കുകയും ചെയ്തു. വിശുദ്ധ ഖുർആനിലും ഇത്തരം ത്യാഗം ചെയ്യുന്നവരെ കുറിച്ച് അല്ലാഹു പറയുന്നു: ഇങ്ങനെ ത്യാഗം ചെയ്യുന്നവരാണ് നിസ്വാർത്ഥമായി സേവനം ചെയ്യുന്നവർ; അവർ തന്നെയാണ് വിജയം പ്രാപിക്കുന്നവർ.

സ്വഹാബാക്കളുടെ അതിഥിസത്കാരത്തിന്റേയും അതിഥിസേവനത്തിന്റേയും രീതി ഇതായിരുന്നു. അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി അതിഥികളെ സേവിക്കുന്നതിന്റെ കടമ നിർവഹിക്കുന്നവർ എത്ര ഭാഗ്യവാന്മാരാണ്. അതിഥികളും, കാലത്തിന്റെ ഇമാമിന്റെ വിളി കേട്ടും, അല്ലാഹുവിന്റേയും അവന്റെ റസൂൽ(സ)ന്റേയും കാര്യങ്ങൾ കേൾക്കാനും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനും വന്നവരാണ്. ദീനിനുവേണ്ടി വന്നിട്ടുള്ള അതിഥികൾക്കായി, അല്ലാഹുവിനെ സന്തോഷിപ്പിക്കാൻവേണ്ടി സേവനം ചെയ്യുന്ന വളണ്ടിയർമാർ എത്ര ഭാഗ്യവാൻമാരാണ്.

ധാരാളം ആളുകൾ വരുമ്പോൾ ജനങ്ങൾ പല പ്രകൃതക്കാരായിരിക്കും. ചിലർ പെട്ടെന്ന് ദേഷ്യം വരുന്നവരായിരിക്കാം; ഡ്യൂട്ടി ചെയ്യുന്നവരോട് വളരെ കാഠിന്യത്തോടെ പെരുമാറിയേക്കാം, അല്ലെങ്കിൽ വളരെ കർശനമായി എന്തെങ്കിലും വസ്തു ആവശ്യപ്പെട്ടേക്കാം. എന്നാൽ വളണ്ടിയർമാർ, അത് പുരുഷ വളണ്ടിയർമാർ ആണെങ്കിലും ലജ്ന വളണ്ടിയർമാർ ആണെങ്കിലും ആരോടും ദേഷ്യപ്പെടരുത്. കോപത്തോടെ ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അവരോട് ദേഷ്യത്തിൽ മറുപടി പറയാതെ പുഞ്ചിരിച്ചുകൊണ്ട് മറുപടി പറയേണ്ടതാണ്. അവരുടെ ആവശ്യം പൂർത്തിയാക്കാൻ കഴിയുമെങ്കിൽ തീർച്ചയായും പൂർത്തിയാക്കുക. അങ്ങനെ കഴിയില്ലെങ്കിൽ അവരോട് സൗമ്യമായി, സ്നേഹത്തോടെ ക്ഷമാപണം നടത്തുക. അല്ലെങ്കിൽ തന്റെ മേലുദ്യോഗസ്ഥനെ സമീപിക്കുകയും അതിഥിയുടെ പ്രശ്നം പരിഹരിക്കുകയും ചെയ്യുക. ചില സമയങ്ങളിൽ ഈ കാര്യം വളരെ പ്രയാസമേറിയതാവാം. എന്നാൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ഇപ്രകാരം ചെയ്യേണ്ടതാണ്. തങ്ങളുടെ വികാരങ്ങളെയും നാവുകളെയും നിയന്ത്രിക്കേണ്ടതാണ്. അതുപോലെതന്നെ വളണ്ടിയർമാർ തമ്മിലും സൗമ്യമായ ഭാഷ ഉപയോഗിക്കേണ്ടതാണ്.

മേലുദ്യോഗസ്ഥൻമാരും മേൽനോട്ടക്കാരും തങ്ങളുടെ വളണ്ടിയർമാരോട് സൗമ്യമായ ഭാഷയിൽ സംസാരിക്കുക. ആരിൽനിന്നെങ്കിലും തെറ്റ് വന്നുപോകുകയാണെങ്കിൽ അവർക്ക് സ്നേഹത്തോടെ മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. ഈ വളണ്ടിയർമാർ അല്ലാഹുവിന്റെ തൃപ്തിക്ക് വേണ്ടിയാണ് ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്ക്‌വേണ്ടി സേവനമനുഷ്ഠിക്കുന്നത് എന്നും, ഏതെങ്കിലും പ്രത്യേക വിഭാഗത്തിൽ പരിശീലനം ലഭിച്ചവർ അല്ല എങ്കിലും സേവനത്തിനുള്ള ആവേശത്തിൽ തങ്ങളെ സമർപ്പിക്കുകയാണ് എന്നും, അതുകൊണ്ട് അവരെ ആദരിക്കേണ്ടതുണ്ട് എന്നും മേലുദ്യോഗസ്ഥർ മനസ്സിലാക്കേണ്ടതാണ്. *പരസ്പരം സഹായ സഹകരണത്തോടെ സേവനമനുഷ്ഠിക്കാനുള്ള തൗഫീഖ് അല്ലാഹു നൽകുമാറാകട്ടെ.* നാം ത്യാഗമനോഭാവത്തോടെയാണ് സേവനമനുഷ്ഠിക്കേണ്ടത് എന്ന ചിന്ത ഉണ്ടാകുമ്പോഴാണ് ഈ ആവേശവും ഉണ്ടാകുക. വിവിധ വകുപ്പുകളുടെ ഓഫിസർമാരായി നിയമിക്കപ്പെട്ടവർ എപ്പോഴും ഓർക്കേണ്ട കാര്യമെന്തെന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആണ് അവർക്ക് സേവനത്തിനുള്ള തൗഫീഖ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഓഫീസർമാർ എന്ന നിലക്കല്ല മറിച്ച് സേവകന്മാർ എന്ന നിലക്ക് തങ്ങളുടെ ഉത്തരവാദിത്തം നിറവേറ്റുക. തങ്ങളുടെ ഉന്നത സ്വഭാവ മാതൃക നിലനിർത്തുകയാണെങ്കിൽ കീഴിലുള്ളവരും വളണ്ടിയർമാരും ഉന്നത സ്വഭാവം പ്രകടിപ്പിക്കുന്നതാണ്. *അല്ലാഹു എല്ലാവർക്കും അതിന് തൗഫീഖ് നൽകുമാറാകട്ടെ.*

അതിഥികളോട് നല്ല നിലയിൽ വർത്തിക്കേണ്ടതിനെ കുറിച്ച് നിരവധി സന്ദർഭങ്ങളിൽ ഉപദേശിച്ചിട്ടുള്ള ഹദ്റത് മസീഹ് മൗഊദ്(അ) ഒരിക്കൽ പറയുന്നു: നോക്കുക ഒരുപാട് അതിഥികൾ വന്നിരിക്കുന്നു.

അവരിൽ ചിലരെ നിങ്ങൾ തിരിച്ചറിയുന്നു; ചിലരെ നിങ്ങൾക്കറിയില്ല. അതുകൊണ്ട് എല്ലാവരെയും ആദരണീയരാണെന്ന് കരുതി സൽക്കരിക്കുക. ആയതിനാൽ ഓരോ വളണ്ടിയറും പ്രത്യേകിച്ച് ജനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്ന വളണ്ടിയർമാർ ഈ തത്വം എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. കൂടാതെ അതിഥി സൽക്കാരം, ഭക്ഷണം തുടങ്ങിയ വിഭാഗത്തിൽ ഉള്ളവർ ഇത് പ്രത്യേകമായും പാലിക്കേണ്ടതാണ്.

അഥിതികൾക്ക് ഭക്ഷണം നൽകുന്ന കാര്യത്തിൽ വ്യത്യസ്ഥ ഉപദേശങ്ങൾ നൽകിയതിനുശേഷം പറഞ്ഞു: ഉന്നത സ്വഭാവം പ്രകടിപ്പിക്കേണ്ടത് വളണ്ടിയർമാരുടെ മാത്രം കടമയല്ല; മറിച്ച് പങ്കെടുക്കുന്ന എല്ലാവരുടെയും കടമയാണ്. ഹദ്റത് മസീഹ് മൗഊദ്(അ) ജൽസയിൽ പങ്കെടുക്കുന്നവരോട് പറയുന്നു: നല്ല സ്വഭാവം പ്രകടിപ്പിക്കുവിൻ. പരസ്പരം കരുതൽ ഉണ്ടായിരിക്കണം. പങ്കെടുക്കുന്നവർ എപ്പോഴും ശ്രദ്ധിക്കേണ്ടതെന്തെന്നാൽ ജൽസയിൽ പങ്കെടുക്കുന്ന ഓരോരുത്തരും തങ്ങളുടെ മതപരവും വിജ്ഞാനപരവും ആത്മീയപരവുമായ ദാഹം ശമിപ്പിക്കുകയാണ് ചെയ്യുന്നത് എന്നാണ്. ഇത് സ്വായത്തമാക്കാൻ ഹദ്റത് മസീഹ് മൗഊദ്(അ) നല്കിയിട്ടുള്ള ഉപദേശത്തെ മനസ്സിലാക്കേണ്ടതാണ്. അതായത് ഈ ജൽസ പൂർണമായും ദൈവീക ജൽസയാകുന്നു. അത്കൊണ്ട് ഒരിക്കലും ചെറിയ ചെറിയ കാര്യങ്ങളിൽ ഒരു തരത്തിലുള്ള അസ്വസ്ഥതയും പിണക്കവും പ്രകടിപ്പിക്കരുത്. വളണ്ടിയർമാരും മനുഷ്യരാണ്. അവരിൽ നിന്ന് എന്തെങ്കിലും അതിക്രമം ഉണ്ടാകുകയാണെങ്കിൽപോലും അത് അവഗണിക്കേണ്ടതാണ്. ആയതിനാൽ ഈ ദിവസങ്ങളിൽ എപ്പോഴും ഈ കാര്യം ഓർക്കേണ്ടതാണ്.

യാത്രയിലുള്ള ദുആയെ കുറിച്ച് അധ്യാപനം നൽകികൊണ്ട് തിരുനബി(സ) പറയുന്നു: ഇങ്ങനെ ദുആ ചെയ്യുക. *അല്ലാഹുവേ, ഞങ്ങൾ നിന്നോട് ഈ യാത്രയിൽ അനുഗ്രഹവും ഭയഭക്തിയും തേടുന്നു. ആയതിനാൽ നിനക്ക് ഇഷ്ടമുള്ള കർമങ്ങൾ ചെയ്യാൻ ഞങ്ങൾക്ക് തൗഫീഖ് നൽകേണമേ.* ചുരുക്കത്തിൽ നമ്മൾ ഇങ്ങനെ ദുആ ചെയ്യുകയാണെങ്കിൽ അല്ലാഹു നമ്മുടെ ഇവിടെയുള്ള താമസവും യാത്രയും അനുഗ്രഹീതമാക്കുന്നതാണ്.

ഈ ദിവസങ്ങൾ ദുആകൾകൊണ്ടും ദൈവ സ്മരണകൾകൊണ്ടും നിറക്കാൻ ശ്രമിക്കുവിൻ. തിരുനബി(സ) നമുക്ക് എല്ലാ സന്ദർഭത്തിലേക്കുമുള്ള ദുആ പഠിപ്പിച്ച് തന്നിട്ടുണ്ട്. ചിലയാളുകൾ തങ്ങളുടെ വീടുകൾ ഉപേക്ഷിച്ച്കൊണ്ട് ജൽസയുടെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകാൻ വന്നിട്ടുണ്ടെങ്കിലും അവർക്ക് തങ്ങളുടെ വീട്ടുകാരെ കുറിച്ചും ചിന്ത ഉണ്ടാകാറുണ്ട്. (അത്തരം സന്ദർഭത്തിൽ) ഇങ്ങനെ ദുആ ചെയ്യാൻ നബി(സ) പറയുന്നു: അല്ലാഹുവേ, ഞാൻ യാത്രയുടെ കാഠിന്യത്തിൽനിന്നും അനിഷ്ടകരവും അസ്വസ്ഥഭരിതവുമായ കാഴ്ചകളിൽനിന്നും സമ്പത്തിലും കുടുംബത്തിലും മോശമായ പരിണിതി ഉണ്ടാകുന്നതിൽനിന്നും അനിഷ്ടകരമായ മാറ്റങ്ങൾ ഉണ്ടാകുന്നതിൽനിന്നും നിന്നോട് അഭയം തേടുന്നു. ഇത് വളരെ സമ്പൂർണ ദുആയാകുന്നു. യാത്രയിൽ തങ്ങളെ എല്ലാ നിലക്കും സംരക്ഷിക്കുന്നതിനും വീട്ടുകാരെ അല്ലാഹുവിന്റെ സംരക്ഷണത്തിൽ ആക്കുന്നതിനുമുള്ള ദുആയാകുന്നു. ഇത്തരം ചിന്തയും ദുആകളുമായി നാവുകൾ സജീവമാക്കുകയാണെങ്കിൽ ഇവിടെ ചുറ്റി സഞ്ചരിക്കുന്ന സ്ത്രീ പുരുഷൻമാർ ഈ അന്തരീക്ഷത്തെ സമാധാനത്തിൽ ആകുന്നവരാകും. മനസ്സമാധാനത്തിന് കരണക്കാരുമാകും. അതോടൊപ്പം അല്ലാഹു എല്ലാ തരം മോശമായ ദൃശ്യങ്ങളിൽ നിന്നും രക്ഷിക്കുകയും ചെയ്യും. ഇപ്പോൾ കോവിഡ് കാരണം ഒരുപാട് ആശങ്കയും ഉണ്ട്. ദുആകളിലേക്ക് കൂടുതലായി ശ്രദ്ധിക്കേണ്ടതുണ്ട്. *(അല്ലാഹു പങ്കെടുക്കുന്ന എല്ലാവരെയും വീടുകളിൽ ഇരിക്കുന്നവരെയും സംരക്ഷിക്കുമാറാകട്ടെ.)* പൊതുവായ ദുആകളോടൊപ്പം ഈ ദിവസങ്ങളിൽ സ്വലാത്ത് ചെല്ലുന്നതിലും പ്രത്യേകമായി ശ്രദ്ധിക്കുക. അല്ലാഹു ജൽസയിൽ പങ്കെടുക്കുന്ന എല്ലാ സ്ത്രീ പുരുഷന്മാരെയും ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ പ്രാർത്ഥനകൾക്ക് അവകാശികളാക്കുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis (atba)**

at Mubarak Mosque, Islamabad, UK – on 05.08.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**